**<u>വിവരാവകാശം / മറുപടി</u>**

നമ്പർ: E4-32066/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 22.9.2017.

സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീമതി. ജീന ജയൻ,
കുറ്റിപറമ്പിൽ ഹൗസ്,
പി.ഒ മനക്കുളങ്ങര, കൊടകര 680684.

സർ/മാഡം,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശം - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 21.8.17ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

സൂചനപ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഈ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിലെ ക്ലാർക്ക് തസ്തികയിലെ കേഡർ സ്ട്രെങ്ത് 18 ആണ്. നോൺ കേഡർ തസ്തികയിൽ ഒരാൾ സേവനമനുഷ്ഠിക്കുന്നുണ്ട്. (സൂപ്പർന്യൂമററിയായി സ്പോർട്സ് ക്വാട്ട നിയമനം)

2) മേൽപറഞ്ഞ കേഡർ സ്ട്രെങ്തിലെ നിയമ രീതികൾ ചുവടെ പറയുന്നു.

| | | |
|---|---|---|
| PSC റാങ്ക് ലിസ്റ്റ് | - | 16 |
| ആശ്രിത നിയമനം | - | 1 |
| അന്തർ ജില്ല/ അന്തർ വകുപ്പ് മാറ്റം | - | ആരുമില്ല |
| എൽ.പി.ഇ പ്രമോഷൻ | - | 1 |

3) ഈ വകുപ്പിന് കീഴിൽ 1.7.2015 മുതൽ 30.7.2017 വരെയുള്ള കാലയളവിൽ 15 എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ നികത്തിയിട്ടുണ്ട്. അതിൽ 14 എണ്ണം പി.എസ്.സി റാങ്ക് ലിസ്റ്റ് മുഖേനയും ഒരെണ്ണം എൽ.പി.ഇ പ്രമോഷൻ മുഖേനയുമാണ്. സ്ഥലംമാറ്റം / വകുപ്പ് സ്ഥലംമാറ്റം മുഖേന ആരും നിയമനം നേടിയിട്ടില്ല.

4) ഈ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ 2017 ജനുവരി 1 മുതൽ 2017 ഡിസംബർ 31 വരെയുള്ള കാലയളവിൽ ക്ലാർക്ക് തസ്തികയിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർ ആരും തന്നെയില്ല.

*db@15*

5) രണ്ട് NJD ഒഴിവുകൾ ഉണ്ട്. ഇത് മാള, പുഴയ്ക്കൽ ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ നിയമനം അനുവദിച്ചിരുന്ന ഓരോ ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കാത്തതു മൂലം ഉണ്ടായിട്ടുള്ളതാണ്. NJD ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ രണ്ട് നിയമനങ്ങൾ നൽകപ്പെടുമ്പോൾ ക്ലാർക്കിന്റെ അനുവദിക്കപ്പെട്ടിട്ടുള്ള കേഡർ സ്ട്രെങ്ങ്തിൽ രണ്ടെണ്ണം അധികമായിരിക്കും. ഇത് ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ക്രമീകരിക്കുന്നതായിരിക്കും.

6) 31.03.2018നുള്ളിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കപ്പെട്ടിട്ടില്ല.

7) പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കപ്പെട്ടിട്ടില്ല.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**എസ്.എൽ. ശ്യാംശങ്കർ**
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്
സാമൂഹ്യനീതി വകുപ്പ്

*db@15*